**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1885** **08-02-2023 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയനുസരിച്ച് 2022-23 വർഷം സംസ്ഥാനത്ത് ഏതെല്ലാം മണ്ഡലത്തിലെ കളിസ്ഥലങ്ങൾക്കാണ് ആസ്തി വികസ ഫണ്ടിലെ തുകയ്ക്ക് ആനുപാതികമായി സർക്കാർ ഫണ്ട് അനുവദിച്ചുകൊണ്ട് കളിസ്ഥലം നിർമ്മിക്കാൻ അനുമതിയായിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | **നിലവിൽ 8 പ്രവൃത്തികൾക്ക് കായികയുവജനകാര്യാലയത്തിന്റെ പദ്ധതി വിഹിതത്തിൽ 50 ലക്ഷം രൂപ വീതം അനുവദിച്ചുകൊണ്ട് ഭരണാനുമതി നൽകിയിട്ടുണ്ട്. 5 പ്രവൃത്തികൾക്കായി എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ വീതം അനുവദിച്ചുകൊണ്ട് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ഭരണാനുമതി നൽകിയിട്ടുണ്ട്. 1 കോടി രൂപ വീതം ഭരണാനുമതി ലഭ്യമായ 4 പദ്ധതികളിൽ 3 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുകയും 1 പദ്ധതിയ്ക്ക് ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.** |
| (ബി) | വാമനപുരം മണ്ഡലത്തിൽ നിന്ന് ഇതിനായി നൽകിയ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ; | (ബി) | **വാമനപുരം നിയോജക മണ്ഡലത്തിലെ കല്ലറ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പഞ്ചായത്ത് കളിസ്ഥലം ഒരു കോടി രൂപ ചിലവിൽ നവീകരിക്കുന്നതിനായുള്ള വിശദമായ മാസ്റ്റർ പ്ലാനും എസ്റ്റിമേറ്റും സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (സി) | വരും വർഷങ്ങളിൽ പ്രസ്തുത പദ്ധതി ഇതുപോലെ തുടരാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | **വിവിധ ഘട്ടങ്ങളിലായി എല്ലാ പഞ്ചായത്തുകളിലും കളിക്കളം ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| പദ്ധതി | നിയമസഭാ മണ്ഡലം | ഭരണാനുമതി | |
|---|---|---|---|
| | | പദ്ധതിവിഹിതം | എം.എൽ.എ ഫണ്ട് |
| ജി.എച്ച്.എസ് ചിറക്കര ഗ്രാമപഞ്ചായത്ത് | ചാത്തന്നൂർ | A3-6311/22 05.01.23 | D6-3539/2022/MLA ADS dtd 30.12.22 |
| ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | ഒറ്റപ്പാലം | A3-1435/22 05.01.23 | ഭരണാനുമതി ലഭിച്ചിട്ടില്ല |
| കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം | പാറശ്ശാല | A3-6797/22 17.01.23 | D1-88/23 dated 20.01.23 |
| ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് ജയ് ഹിന്ദ് സ്റ്റേഡിയം | വൈപ്പിൻ | A3-6935/22 05.01.23 | ഭരണാനുമതി ലഭിച്ചിട്ടില്ല |
| കരണപ്ര മിനി സ്റ്റേഡിയം, പട്ടിത്തറ ഗ്രാമപഞ്ചായത്ത് | തൃത്താല | A3-7315/22 07.01.23 | ഭരണാനുമതി ലഭിച്ചിട്ടില്ല |
| ചടയമംഗലം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം | ചടയമംഗലം | A3-7311/22 05.01.23 | D6-3829/2022/MLA ADS dtd 30.12.22 |
| അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് ജി.എച്ച്.എസ് | അമ്പലപ്പുഴ | A3-3/23 17.01.23 | ഭരണാനുമതി ലഭിച്ചിട്ടില്ല |
| അയ്യൻകോയിക്കൽ ജി.എച്ച്.എസ്.എസ് തേവലക്കര ഗ്രാമപഞ്ചായത്ത് (130 lakhs) | ചവറ | A3-101/23 17.01.23 | D4-170/2023/LAC ADS dtd 17.01.23 |
| വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് ജി.ബി.എച്ച്.എസ്.എസ് | വടക്കാഞ്ചേരി | മതിയായ തുക ലഭ്യമല്ലാത്തതിനാൽ ഭരണാനുമതി പുറപ്പെടുവിച്ചിട്ടില്ല | ADCTSR/615/2022-RDS dtd 27.01.23 |

**സെക്ഷൻ ഓഫീസർ**